കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 നവംബർ 27, വ്യാഴം

വാല്യം LXVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 28

നിയമസഭ 1986 നവംബർ 27—ാം തീയതി വ്യാഴാഴ്ച രാവിലെ 8.30ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ.....

(ചോദ്യം 568, 569, 570 എന്നിവ സഭയിൽ എടുത്തില്ല)†

കയറ്റുമതി സംസ്കരണ കേന്ദ്രം

* 534 [571] ശ്രീ. പി. കെ. കെ. ബാവ:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, പി. വി. മുഹമ്മദ്:
,, സി. ടി. അഹമ്മദ് അലി:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ കയറ്റുമതി സംസ്കരണ കേന്ദ്രത്തിൽ എന്തുതരം വ്യവസായങ്ങളാണ് തുടങ്ങാനുദ്ദേശിക്കുന്നത്;

(ബി) ഇവിടെ എത്ര വ്യവസായങ്ങൾ തുടങ്ങാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(സി) ഇതിനകം എത്ര വ്യവസായങ്ങൾക്കുള്ള അപേക്ഷ ലഭിച്ചു;

(ഡി) ഇതിൽ എത്ര വ്യവസായങ്ങൾ ആരംഭിച്ചു;

(ഇ) ഇവയിൽ ഓരോന്നിന്റെയും തൊഴിൽ സാദ്ധ്യത എത്രയാണ്?

† പ്രതിപക്ഷം നിയമസഭ ബഹിഷ്കരിച്ചതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ,

(എ) കയറുമതി സാദ്ധ്യതയുള്ള ചരക്കുകൾ ഉൽപ്പാദിപ്പിക്കുന്ന എല്ലാത്തരം വ്യവസായങ്ങളും തുടങ്ങാൻ ഉദ്ദേശിക്കുന്നു.

(ബി) ആദ്യഘട്ടത്തിൽ നൂറോളം വ്യവസായയൂണിറ്റുകൾ തുടങ്ങാനാണ് ലക്ഷ്യം.

(സി) 19

(ഡി) പതിനാലു യൂണിറ്റുകൾ തുടങ്ങുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ ഒന്നിൽ ഉൽപ്പാദനം ആരംഭിച്ചു.

(ഇ) അംഗീകാരം നൽകിയ യൂണിറ്റുകളിൽ 800–ഓളം പേർക്ക് തൊഴിൽ സാദ്ധ്യതയുണ്ട്.

ശ്രീ. പി. കെ. കെ. ബാവ: ഈ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനം ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ. അഹമ്മദ്: ഇതിന്റെ നിർമ്മാണപ്രവർത്തനം തുടർന്നു വരുകയാണ്. അതിൽ ആദ്യഘട്ടത്തിൽ ആരംഭിച്ചതിനെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. ഇതിൽ ഇപ്പോഴും ഒരു യൂണിറ്റിന്റെ പ്രവർത്തനം നടന്നുകഴിഞ്ഞു. ഇതിന്റെ ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസിനെപ്പറ്റി ബഹുമാനപ്പെട്ട മെമ്പറുടെ അറിവിനുവേണ്ടി ഇവിടെ വായിക്കാം. കോമ്പൗണ്ട് വോൾ പൂർത്തിയായി. ലാൻഡ് ഡവലപ്പ്മെന്റ് വർക്ക് ആദ്യഘട്ടം പൂർത്തിയായി. രണ്ടാമത്തെ ഘട്ടം തുടരുകയാണ്. 28 പ്ലോട്ടുകൾ അലോട്ട്മെന്റിനുവേണ്ടി റെഡിയായിക്കഴിഞ്ഞു. ലാൻഡ് ഡവലപ്പ്മെന്റിന്റെ 80 ശതമാനം രണ്ടാം സ്റ്റേജ് പൂർത്തിയായി. വാട്ടർ സപ്ലൈയ്ക്ക് ആവശ്യമായ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഓവർ ഹെഡിന്റെ പ്രവർത്തനം ത്വരിതഗതിയിൽ നടക്കുന്നു. രണ്ട് ഫാക്ടറി ഷെഡ്ഡുകളുടെ നിർമ്മാണം ഏറെടുത്തുകഴിഞ്ഞു. ഒന്ന് റൂഫ് ലെവൽവരെ എത്തിക്കഴിഞ്ഞു. കസ്റ്റംസ്കാർ ഇവിടെ ഒരു ബാച്ച് കസ്റ്റംസ് ഓഫീസർമാരെ നിയമിച്ചുകഴിഞ്ഞു. റോഡുകളിൽ ടാറിംഗിന്റെ പ്രവർത്തനം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു, പൂർത്തിയായിക്കൊണ്ടിരിക്കുന്നു. പെർമനന്റ് അപ്രോച്ച് റോഡിന്റെ പ്രവർത്തനവും പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ലാൻഡ് അക്വിസിഷൻ ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞു. വാട്ടർ സപ്ലൈയ്ക്കാവശ്യമുള്ള ബൂസ്റ്റർ സ്റ്റേഷൻ 1986 ഡിസംബർ മാസത്തിനുമുമ്പ് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് കരുതുന്നു. ഇലക്ട്രിസിറ്റി സബ്സ്റ്റേഷന്റെ പ്രവർത്തനം പുരോഗമിച്ചുവരുന്നുണ്ട്. ഒരു ട്രാൻസ്ഫോർമർ ഈമാസത്തിൽത്തന്നെ സ്ഥാപിക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു, പ്രതീക്ഷിക്കുന്നു. ടെലിഫോൺ പ്രവർത്തനത്തിനാവശ്യമുള്ള 200 കണക്ഷനുള്ള ഒരു ടെലിഫോൺ ലൈൻ എക്സ്ചേഞ്ച് പ്രോസസിംഗ് സോണിൽ ആവശ്യമുണ്ട്.

ശ്രീ. പി. കെ. കെ. ബാവ: ഇതിനോടകം ഈ നിർമ്മാണത്തിനു വേണ്ടി കേന്ദ്ര ഗവൺമെന്റ് എത്രരൂപ ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: കേന്ദ്ര ഗവൺമെൻറ് ഇവിടെ ഇപ്പോൾ നാലു കോടി എഴുപതുലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു. സംസ്ഥാന ഗവൺമെൻറ് വിഹിതം ശരിക്കും ചെലവഴിച്ചു. ഈ ബഡ്ജറിൽ തന്നെ 93 ലക്ഷം രൂപ ഈ വർഷത്തേയ്ക്ക് നീക്കിവച്ചിട്ടുണ്ട്. ഒന്നേകാൽ കോടിരൂപ പൊതുമരാമത്തുവകുപ്പിൻെറ ബഡ്ജറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്: അതുപോലെതന്നെ വാട്ടർ സപ്ലൈ അതോറിറ്റി ഒരു ലക്ഷം രൂപ വാട്ടർ സപ്ലൈ സ്കീമിനുവേണ്ടി ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിദ്യുച്ഛക്തി ഡിപ്പാർട്ടുമെൻറ് പതിനെട്ടുകോടി അറുപത്തെട്ടുലക്ഷം രൂപ ഇവിടെ വൈദ്യുതി നൽകുവാൻവേണ്ടി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനെല്ലാം പുറമേയാണ് 4.7 കോടി രൂപ കേന്ദ്ര ഗവൺമെൻറ് ചെലവഴിച്ചത്.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: കൊച്ചിൻ എക്സ് പോർട്ട് പ്രോസ്സസിംഗ് സോൺ തുറമുഖത്തുനിന്ന് വളരെ വിദൂരമായ തൃക്കാക്കരയിലാണ് സ്ഥാപിച്ചിട്ടുള്ളതെന്നും അതുകൊണ്ട് കയറ്റുമതിക്കും മറ്റാവശ്യങ്ങൾക്കും വളരെയധികം പ്രയാസങ്ങൾ നേരിടുന്നുവെന്നുള്ളതുകൊണ്ട് തുറമുഖത്തിൻെറ അടുത്ത് ഈ പ്രോസ്സസിംഗ് സോൺ തുടങ്ങുന്നതിനുള്ള നടപടി വ്യവസായവകുപ്പുമന്ത്രി സ്വീകരിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: തുറമുഖത്തിൻെറ അടുത്ത് സ്ഥലമുണ്ടാകുകയില്ല. കേരളത്തിൽ മാത്രമല്ല. മദ്രാസിലായാലും ഡൽഹിയിലായാലും ഈ എക്സ്പോർട്ട് പ്രോസ്സസിംഗ് സോൺ തുറമുഖത്തിനടുത്തല്ല. ഇത് ഒരു ഏരിയാ ഡീമാർക്ക് ചെയ്ത് എക്സ് പോർട്ട് പ്രോസ്സസിംഗ് സോൺ തുടങ്ങുകയാണ്. ഇന്ന് വച്ചാൽത്തന്നെ അവിടെനിന്ന് ഉൽപ്പാദിപ്പിക്കുന്നവ പുറത്തുകൊണ്ടുപോകാൻ നേരത്തേ കണ്ടയിനറിലാക്കിയിട്ടാണ് ഈ ഷിപ്പിംഗ് നടത്തുക. അതുകൊണ്ട് അത് തുറമുഖത്തിൻെറ തൊട്ടടുത്തുതന്നെ വേണമെന്നു നിർബന്ധമില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം തുറമുഖത്തിൽനിന്ന് തൃക്കാക്കര അത്ര അകലെയല്ല. മറ്റ് ചില രാജ്യങ്ങളിൽ വളരെയകലെയാണ്. അതുകൊണ്ട് താരതമ്യേന കേരളത്തിൽ വളരെയധികം അകലെയാണെന്നു പറഞ്ഞുകൂടാ.

ശ്രീ. എം. പി. എം. ഇസ്ക്കാഹ് കുരിക്കൾ: ഈ വർഷം എത്ര പ്ലോട്ടുകൾ അലോട്ട്മെൻറിന് തയ്യാറായിട്ടുണ്ടെന്നും എത്ര പേർക്ക് ജോലി നൽകിയെന്നും ഈ ജോലിക്ക് ആളുകളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്നും വ്യക്തമാക്കാമോ?

ശ്രീ. ഇ. അഹമ്മദ്: എക്സ്പോർട്ട് പ്രോസ്സസിംഗ് സോൺ എന്നുപറഞ്ഞാൽ കയറ്റുമതി സാദ്ധ്യതയുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാനുള്ള സൗകര്യങ്ങൾ ഗവൺമെൻറ് ചെയ്തുകൊടുക്കുകയാണ്. അത് തികച്ചും സ്വകാര്യവ്യക്തികൾ നടത്തുന്നതാണ്. 28 പ്ലോട്ടുകൾ അലോട്ട്മെൻറിന് റെഡിയായിട്ടുണ്ട്. അതുപോലെ തന്നെ 19 അപേക്ഷകൾ കിട്ടിയെന്ന് ഞാൻ മെയിൻ ചോദ്യത്തിൽത്തന്നെ പറഞ്ഞു. അതിൽ 14 യൂണിറ്റുകൾക്ക് അലോട്ട്മെൻറ് നടത്തിക്കഴിഞ്ഞു. അതോടൊപ്പം തന്നെ ഒരു യൂണിറ്റിൽമാത്രമാണ് ഇപ്പോൾ നമുക്ക് വളരെ പെട്ടെന്ന് ഉൽപ്പാദനം നടത്താൻ കഴിഞ്ഞത്. അതുപോലെതന്നെ വളരെ പ്രതീക്ഷ

യിൽക്കവിഞ്ഞനിലയ്ക്ക് D. V. D.E.O. കൊച്ചിയിൽ നിന്നു: 405 കിലോഗ്രാം എസ്സൻഷ്യൽ ഓയിൽ രണ്ടുലക്ഷം രൂപ വിലയുള്ളത് 11–11–1986–ൽ ഇവിടെനിന്ന് കയറ്റുമതിചെയ്യുകപോലും ചെയ്തു. 31–12–1986 ആകുമ്പോഴേയ്ക്കും 40 ലക്ഷം രൂപയുടെ കയറ്റുമതി ചെയ്യാൻ സാധിക്കുമെന്നാണ് കരുതുന്നത്. മുഴുവൻ വരുകയാണെങ്കിൽ, പ്രതീക്ഷിച്ചിടത്തോളം വരുകയാണെങ്കിൽ 800 പേർക്ക് തൊഴിൽ സാദ്ധ്യതയുണ്ട്. തിരഞ്ഞെടുക്കുന്നത് അതിന്റെ ഉടമകൾതന്നെയാണ്.

ശ്രീ. പി. വി. മുഹമ്മദ്: നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രതീക്ഷ ഉയർത്തുന്ന ഒരു പുതിയ സംരംഭം എന്ന നിലയിൽ ഈ യൂണിറ്റ് സംസ്ഥാന ഗവൺമെന്റിന്റെ നേതൃത്വത്തിലാണോ; അതല്ല കേന്ദ്ര ഗവൺമെന്റിന്റെ നേതൃത്വത്തിലാണോ?

ശ്രീ. ഇ. അഹമ്മദ്: ഇത് കേന്ദ്ര ഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. കേന്ദ്രഗവൺമെന്റിന്റെ കോമേഴ്സ് സെക്രട്ടറി ചെയർമാനും കേന്ദ്രഗവൺമെന്റിന്റെ അഡീഷണൽ കോമേഴ്സ് സെക്രട്ടറി, കേരള ചീഫ് സെക്രട്ടറി, കേന്ദ്രഫൈനാൻസ് മിനിസ്ട്രിയുടെ ജോയിന്റ് സെക്രട്ടറി, റിസർവ്വ് ബാങ്ക്, ചീഫ് കൺട്രോളർ ഓഫ് ഇംപോർട്ട് ആൻഡ് എക്സ്പോർട്ട്, ഡെവലപ്പ്മെന്റ് ഓഫ് ടെലി കമ്മ്യൂണിക്കേഷൻസ്, സർഫസ് ട്രാൻസ്പോർട്ട് എന്നിവയുടെ പ്രതിനിധികളും ഈ സോണിന്റെ ഡവലപ്പ്മെന്റ് കമ്മീഷണർ, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിലെ എം.. ഡി. എന്നിവരുംപ്പെട്ട ഒരു എക്സ്പോർട്ട് പ്രോസ്സസിംഗ് സോൺ അതോറിറ്റി എന്ന കേന്ദ്രഗവൺമെന്റ് സ്ഥാപനമാണ് ഇത്. സംസ്ഥാന ഗവൺമെന്റ് ഇതിനാവശ്യമായതെല്ലാം നടത്താൻവേണ്ടി ഒരു എംബവേർഡ് കമ്മിറ്റി രൂപവൽകരിച്ചിട്ടുണ്ട്.

ശ്രീ. പി. വി. മുഹമ്മദ്: വിപണനകേന്ദ്രത്തിന് സംസ്ഥാന ഗവൺമെന്റിന്റെ സഹായങ്ങൾ എന്തൊക്കെയാണ്, കേന്ദ്രഗവൺമെന്റിന്റെ സഹായങ്ങൾ എന്തൊക്കെയാണ്?

ശ്രീ. ഇ. അഹമ്മദ്: ഇവിടെ വ്യവസായങ്ങൾ തുടങ്ങുന്നതിന് സംസ്ഥാന ഗവൺമെന്റും കേന്ദ്രഗവൺമെന്റും ധാരാളം സഹായങ്ങൾ നൽകുന്നുണ്ട്. കേന്ദ്രഗവൺമെന്റിന്റെ ഒരു പ്രത്യേക പ്രസിദ്ധീകരണം ബഹുമാനപ്പെട്ട മെമ്പർമാർക്ക് ഞാൻ നൽകുന്നുണ്ട്: പക്ഷേ ഈ സഭയുടെ അറിവിനുവേണ്ടി പ്രത്യേകം പ്രത്യേകം വായിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇത് വളരെ പ്രധാനപ്പെട്ടതാണ്. എക്സ്പോർട്ട് പ്രോസ്സസ്സിംഗ് സോണിന് കേന്ദ്രഗവൺമെന്റ് നൽകുന്ന പ്രത്യേക സഹായങ്ങൾ:—

(1) കസ്റ്റംസ് ഡ്യൂട്ടി, എക്സൈസ് ഡ്യൂട്ടി, സെയിൽസ് ടാക്സ്, പാക്കേജിംഗ് മെറ്റീരിയൽസ് എന്നിവ ഡ്യൂട്ടി ഫ്രീ ഇംപോർട്ടാണ്. ഈ പറയുന്നതിനെല്ലാം യന്ത്രസാമഗ്രികൾ ഇറക്കുമതി ലൈസൻസ് കൂടാതെ ഇറക്കുമതി ചെയ്യാൻ ഈ സോണിൽ വ്യവസായം തുടങ്ങുന്ന ആളിനെ കേന്ദ്രഗവൺമെന്റ് അനുവദിച്ചിരിക്കുകയാണ്. (2) ഈ വിപണന കേന്ദ്രത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾക്കും മറ്റ് ചില സ്പെസിഫൈഡ് ഇൻപുട്ടുകൾക്കും സെൻട്രൽ എക്സൈസ് ഡ്യൂട്ടിയിൽ നിന്നും എക്സംപ്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിരിക്കുകയാണ്. ഈ സോണിൽ സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് സംസ്ഥാനത്തിന്റെ പുറത്തുനിന്നും വാങ്ങിക്കുന്ന സാധനങ്ങൾക്ക് സെൻട്രൽ സെയിൽസ് ടാക്സ് കേന്ദ്രഗവൺമെന്റ് റീ-ഇമ്പേഴ്സ് ചെയ്തുകൊടുക്കും. ഇൻഡ്യയുടെ ഏത് ഭാഗത്തുനിന്നും അതിന് ആവശ്യമായ സാധനങ്ങൾ കൊണ്ടുവന്നാൽ സെൻട്രൽ സെയിൽസ് ടാക്സിന്റെ തുക കേന്ദ്രഗവൺമെന്റ് റീ-ഇമ്പേഴ്സ് ചെയ്തുകൊടുക്കും. ഇവിടെ വ്യവസായം തുടങ്ങുന്ന ഒരാൾക്ക് ആദ്യത്തെ അഞ്ചുകൊല്ലം ഓക്ഷണൽ ഇൻകംടാക്സ് ഹോളിഡേ കൊടുക്കുകയാണ്. നോൺ-ഫിസ്ക്കലായിട്ടുള്ള ഇൻസെന്റീവ്സാണ് ഇപ്പോൾ കൊടുക്കുന്നത്. ഫുള്ളി ഓൺഡ് ഫോറിൻ കമ്പനികൾക്ക് ഈ സോണിൽ മുതൽ മുടക്കാൻ അനുമതി കൊടുത്തിരിക്കുകയാണ്. സാധാരണ ഇൻഡ്യാ ഗവൺമെന്റ് അങ്ങനെ കൊടുക്കാറില്ല. ഒരു ലിമിറ്റ് വരെയേ കൊടുക്കാറുള്ളു. ഈ സോണിൽ വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്ന ഫുള്ളി ഓൺഡ് ഫോറിൻ കമ്പനികൾക്ക് അതിനുള്ള അനുമതി നൽകിയിരിക്കുകയാണ്. അങ്ങനെ ഒരു സ്ഥാപനം വന്നുകഴിഞ്ഞാൽ Repatriation of Foreign Capital invested in the zone, due appriciation.....എന്ന നിലയ്ക്ക് ഗവൺമെന്റ് അനുവദിച്ചിരിക്കുകയാണ്. അവിടെയുണ്ടാക്കുന്ന സാധനങ്ങൾ മറ്റ് രാജ്യങ്ങളിലേക്കുള്ള റീ-പാട്രീഷനുള്ള അധികാരം ഫോറിൻ ക്യാപ്പിറ്റൽ അനുവദിച്ചിരിക്കുന്നു. അതോടൊപ്പം Repatriation dividend earned by foreign investors-ഉം അനുവദിച്ചിരിക്കുന്നു. അവിടെ ഉണ്ടാക്കുന്ന പണം, ടാക്സിന് വിധേയമായി റീ-പാട്രിയേറ്റ് ചെയ്യാൻ അതിന്റെ ഉടമയ്ക്ക് ഗവൺമെന്റ് അനുമതി കൊടുത്തിരിക്കുകയാണ്. ഈ സോണിനു പുറത്ത് ഫോറിൻ ടെക്നിക്കൽ നോഹൗ നിരോധിച്ചിട്ടുള്ള മേഖലകൾക്ക് പോലും ഈ സോണിനകത്ത് വ്യവസായം തുടങ്ങാൻ ഈ പറഞ്ഞ കാര്യങ്ങളിൽ ഒരു നിയന്ത്രണവും ഉണ്ടായിരിക്കുകയില്ല. ഫോറിൻ എക്സ്ചേഞ്ച് ഉദാരമായി അനുവദിക്കും, ബിസിനസ്സ് കാര്യങ്ങൾക്കുള്ള വിദേശയന്ത്രങ്ങൾക്ക് ഇമ്പോർട്ട് പെർമിഷൻ ഗവൺമെന്റ് നൽകും. ഫിക്സ്ഡ് അസ്സറ്റ്സിനുള്ള ടേം ലോണിന് കൺസഷണൽ റേറ്റിൽ ഇൻറസ്റ്റ് കൊടുക്കും. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ഏതെങ്കിലും സാധനം വിദേശത്തേക്ക് കയറ്റുമതി ചെയ്യാൻ ഫോം ലെറ്റർ ഓഫ് ക്രെഡിറ്റ് ഹാജരാക്കിയാൽ 150 ദിവസത്തെ പാക്കേജിംഗ് ക്രെഡിറ്റ് ഫെസിലിറ്റീസ് നൽകുന്നതാണ്. സിമന്റ്, സ്റ്റീൽ, ടെലഫോൺ, റെയിൽവേസി എന്നിവ ഈ സോണിലേക്ക് ഇൻഡ്യാ ഗവൺമെന്റ് പ്രയോറിട്ടിയായിട്ട് അനുവദിക്കുന്നതാണ്. എക്സ്പോർട്ട്—ഇംപോർട്ട് പോളിസിയനുസരിച്ചുള്ള ലൈസൻസ് for import of inputs-നും ഓട്ടോമാറ്റിക്കായിട്ട് വേവ് ചെയ്തിരിക്കുകയാണ്. ഓപ്പൺ ജനറൽ ലൈസൻസ് വഴി ക്യാപ്പിറ്റൽ ഗുഡ്സ്, പ്രൊഡക്ഷൻ മെറ്റീരിയൽസ്, മറ്റ് ഇൻപുട്സ് എന്നിവ ഇവിടെ ഇറക്കുമതി ചെയ്യാൻ ഗവൺമെന്റ് അനുമതി കൊടുത്തിട്ടുണ്ട്. കേരള ഗവൺമെന്റ് നൽകുന്ന സഹായം കൂടി പറയാം.

ഫിസിബിലിറ്റി സ്റ്റഡി നടത്താൻ ആവശ്യമായ ചെലവിന്റെ 50 ശതമാനം സബ്സിഡി സംസ്ഥാനഗവൺമെന്റ് നൽകും. ബാക്കിയുള്ള 50 ശതമാനത്തിൽ നാൽപ്പതു ശതമാനം ലോണായും ബാക്കി പത്തു ശതമാനം വ്യവസായ സംരംഭകൻ മുടക്കുകയും ചെയ്താൽ മതി. 50 ശതമാനം ഗ്രാന്റും 40 ശതമാനം ലോണുമായിട്ടാണ് ഇത് നൽകുന്നത്. ഫിക്സഡ് അസ്സറ്റ്സ് ഉണ്ടാക്കാൻ വേണ്ടി മുടക്കുന്ന വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്ക് 15 ശതമാനം വരെയും ക്യാപ്പിറൽ സബ്സിഡി നൽകും. പതിനഞ്ചുലക്ഷം രൂപയാണ് മാക്സിമം. പവർകട്ടിൽ നിന്ന് ഈ ഏരിയാ പരിപൂർണ്ണമായും ഒഴിവാക്കും. എവിടെ പവർകട്ട് ഉണ്ടായാലും ഈ സോണിൽ പവർകട്ട് ഉണ്ടായിരിക്കുകയില്ല. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജ് എന്നിവയിൽ നിന്ന് ഇതിനെ ഒഴിവാക്കും. ഹരിജൻ—ഗിരിജൻ വ്യവസായ സംരംഭകർക്ക് പ്രൊമോട്ടേഴ്സ് കോൺട്രിബ്യൂഷനായി പത്തുശതമാനം വരെ ലോൺ ഇൻറെസ്റ്റ് സബ്സിഡിയായും സംസ്ഥാനത്തെ സാമ്പത്തിക സ്ഥാപനങ്ങളെ കൊണ്ട് ഷെയർ ക്യാപ്പിറൽ പാർട്ടിസിപ്പേഷൻ എടുപ്പിക്കുന്നതുമാണ്. വ്യവസായ സമാധാനത്തിനുവേണ്ടി ലേബർ ഡിപ്പാർട്ടുമെൻറ് ഒരു പ്രത്യേക പബ്ലിക്ക് യൂട്ടിലിറ്റി സർവ്വീസായി പ്രഖ്യാപിച്ചിരിക്കുകയാണ്. അതിനുവേണ്ടി ഒരു പ്രത്യേക സെക്ഷൻ ഉണ്ടാക്കിയിരിക്കുകയാണ്. മതിയായ നോട്ടീസ് നൽകാതെ നടത്തുന്ന പണിമുടക്കുകൾ നിയമവിരുദ്ധമായി കണക്കാക്കപ്പെടുന്നതാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി: ജോലി നൽകുന്ന കാര്യത്തിൽ ഗവൺമെൻറ് ഏതു നയമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. ഇ. അഹമ്മദ്: ഇത് സ്വകാര്യ വ്യക്തികൾ തുടങ്ങുന്നതാണ്; ഗവൺമെൻറ് തുടങ്ങുന്ന വ്യവസായമല്ല. ഗവൺമെൻറ് അവർക്ക് സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയാണ്.

ശ്രീ. നാലകത്ത് സൂപ്പി: ഈ സോണിൽനിന്ന് പ്രതിവർഷം എത്രകോടി രൂപയുടെ ഉൽപ്പന്നങ്ങളാണ് കയറ്റി അയയ്ക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. ഇ. അഹമ്മദ്: ഞാൻ ആദ്യത്തെ ചോദ്യത്തിൽ പറഞ്ഞതു പോലെ 100 യൂണിറ്റുകൾ നമുക്ക് ആരംഭിക്കാൻ കഴിയുകയാണെങ്കിൽ 5 വർഷത്തിനുള്ളിൽ 295 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ ഈ കേന്ദ്രത്തിൽ നിന്ന് കയറ്റുമതി ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. നാലകത്ത് സൂപ്പി: ഒരു എംപവേർഡ് കമ്മിറ്റിയുടെ പേര് പറഞ്ഞു. ആ കമ്മിറ്റിയിലെ അംഗങ്ങളുടെ പേര് പറഞ്ഞില്ല. അത് ആരൊക്കെയാണ്?

ശ്രീ. ഇ. അഹമ്മദ്: കേന്ദ്രഗവൺമെൻറിൻറെ അതോറിറ്റിയിൽ കേന്ദ്രഗവൺമെൻറ് കൊമേഴ്സ് സെക്രട്ടറി ചെയർമാനായിരിക്കും. മെമ്പർമാരായിട്ടുള്ളത് കേന്ദ്രഗവൺമെൻറ് അഡീഷണൽ സെക്രട്ടറി, കേരള ചീഫ് സെക്രട്ടറി.....

മി. സ്പീക്കർ: പേര് നേരത്തേ പറഞ്ഞല്ലോ.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: എക്സ്പോർട്ട് സോൺ തുടങ്ങിയപ്പോൾ അവിടെ പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനെ സംബന്ധിച്ച് ചില വിദേശരാജ്യങ്ങളിലെ വ്യവസായ സംരംഭകരുമായി ചർച്ച നടത്തി. ഇവിടെ പണിമുടക്ക് പരിപൂർണ്ണമായി നിരോധിക്കുകയാണെങ്കിൽ ഞങ്ങൾ വരാം, അല്ലെങ്കിൽ പറ്റുകയില്ല എന്ന് അവർ പറഞ്ഞതായി വാർത്തയുണ്ടായിരുന്നു. അത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: പണിമുടക്കിനെ സംബന്ധിച്ചിടത്തോളം ഇവിടെ വരാൻ പല അഭിപ്രായങ്ങളും പലരും പറഞ്ഞു. അതുകൊണ്ടാണ് ഇൻഡ്യയിലെ മറ്റ് ഭാഗങ്ങളിൽ ഉള്ളതുപോലെതന്നെ പണിമുടക്കിനെ സംബന്ധിച്ച് പ്രത്യേകമായി ചില തീരുമാനങ്ങൾ എടുത്തിട്ടുള്ളത്. മതിയായ നോട്ടീസും മതിയായ കാരണങ്ങളും മതിയായ വിവരവും മുൻകൂട്ടി നൽകിയില്ലെങ്കിൽ പണിമുടക്ക് നിരോധിക്കും. ഇപ്പോൾ അവിടെ അങ്ങനെ യാതൊരു പ്രയാസവും ഇല്ല. ഈ ആനുകൂല്യങ്ങളും അവർക്ക് വേണ്ടപ്പെട്ട എല്ലാ ഉപ്പുകളും ഗവൺമെന്റ് കൊടുത്തിരിക്കുകയാണ്. അതുകൊണ്ടാണ് 14 എണ്ണമെങ്കിലും തുടങ്ങാൻ കഴിഞ്ഞത്.

ശ്രീ. എ. സി. ജോസ്: എക്സ്പോർട്ട് പ്രൊമോഷൻ സോണിലേക്ക് സാധനങ്ങൾ കൊണ്ടുവരുന്നത് കൊച്ചി തുറമുഖത്തിലെ കണ്ടെയിനറിൽ കൂടിയാണ്. ഇപ്പോഴത്തെ കൊച്ചി നഗരത്തിലേക്ക് പ്രവേശിക്കുന്ന സ്ഥലത്തുള്ള രണ്ട് പാലങ്ങളിലും കണ്ടെയിനറുകൾ കടത്തിക്കൊണ്ടുപോകാൻ സാധിക്കാത്ത അത്ര തിരക്കുള്ളതുകൊണ്ട് എക്സ്പോർട്ട് സോണിൽ നിന്ന് പാലാരിവട്ടം വഴി, എക്സ്പോർട്ട് സോൺ തന്നെയാണ് റോഡ് വെട്ടുന്നത് എന്നുള്ള നിലയ്ക്ക് രണ്ട് ബൈപാസ്സുകൾ കൂടി വെട്ടി അതേ ചെലവിൽ രണ്ട് പാലങ്ങൾ കൂടി പണിയാൻവേണ്ടിയുള്ള നിർദ്ദേശം ഗവൺമെന്റ് വയ്ക്കുമോ? അങ്ങനെ വച്ചില്ലെങ്കിൽ കണ്ടെയിനറുകൾക്ക് കടന്നുപോകാൻ കഴിയുകയില്ല എന്നുള്ള വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. അഹമ്മദ്: ഇപ്പോൾ എക്സ്പോർട്ട് പ്രോസസ്സിംഗ് സോണിന് ആവശ്യമായ റോഡുകളുടെ നിർമ്മാണം—ടാറിംഗ്, മറ്റ് പ്രവർത്തനങ്ങൾ—നടക്കുന്നുണ്ട്. ഇതും ഒരു നിർദ്ദേശമാണ്. എക്സ്പോർട്ട് പ്രോസസ്സിംഗ് സോണിലേക്ക് മുഴുവൻ സാധനങ്ങളും കൊണ്ടുവരുന്നത് കൊച്ചിയിൽക്കൂടി മാത്രമല്ല ഇൻഡ്യയിലെ മറ്റ് പല തുറമുഖങ്ങളിൽനിന്നും വരുന്നുണ്ട്. പക്ഷേ കൊച്ചിയിലാണ് പ്രധാനമായും കൊണ്ടുവരുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് പരിഗണനാർഹമാണ്. ഞാൻ ഇത് പൊതുമരാമത്തു വകുപ്പിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ശ്രമിക്കാം.

ശ്രീ. ബെന്നി ബഹനാൻ: എക്സ്പോർട്ട് പ്രമോഷൻ സെന്ററിനു വേണ്ടിയുള്ള അക്വിസിഷൻ നടപടി മുഴുവൻ പൂർത്തിയായിട്ടില്ല എന്നു മനസ്സിലാക്കാൻ കഴിഞ്ഞു. ഇതിന്റെ കാലതാമസം ഒഴിവാക്കി, എത്രയുംവേഗം അതിന്റെ അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: കഴിയുന്നത്ര വേഗത്തിൽ എല്ലാ അക്വിസിഷൻ നടപടികളും നടത്താനാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. മുഹമ്മദാലി: കൊച്ചി എക്സ്പോർട്ട് സോണിലേക്ക് വ്യവസായികൾക്കു വലിയ ആകർഷണം കാണുന്നില്ല എന്നുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? മദ്രാസിൽ ആരംഭിച്ചിരിക്കുന്ന എക്സ്പോർട്ട് സോണിലേക്ക് വരുവാനും സാധനങ്ങൾ എടുക്കുവാനും വ്യവസായികൾ കാണിക്കുന്ന താൽപ്പര്യം കൊച്ചിയിലെ

LIBRARY ARCHIVES Kerala Legislative Assembly

എക്സ്പോർട്ട് സോണിൽ കാണാതെ വരുന്നതെന്തുകൊണ്ടാണ് എന്ന് ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ മറ്റെന്തെങ്കിലും നടപടി സ്വീകരിച്ച് ആ രംഗത്തേക്ക് കൂടുതൽ വ്യവസായികളെ ആകർഷിക്കാനുള്ള നടപടികളും സ്വീകരിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: ഈ പറഞ്ഞതെല്ലാം വ്യവസായികളെ ആകർഷിക്കാൻവേണ്ടി ചെയ്തതാണ്. ഇനിയും ചെയ്തുകൊണ്ടിരിക്കാൻ ഗവൺമെൻറ് ആഗ്രഹിക്കുന്നു. കേരളത്തിലേക്ക് വരാത്തതിൻെറ ഓരോ കാരണത്തെ സംബന്ധിച്ചും ഗവേഷണം നടത്തിയിട്ടില്ലായെങ്കിലും, പൊതുവിൽ ഇവിടെ വരുന്നതിനുള്ള തടസ്സങ്ങളും, പ്രയാസങ്ങളും തീർക്കുവാനും കൂടുതൽപേരെ ആകർഷിക്കുവാനും ഗവൺമെൻറ് ആവുന്നതെല്ലാം ചെയ്തിട്ടുണ്ട്. നമുക്ക് വളരെ ചെറിയ തോതിലാണെങ്കിലും ഒരു യൂണിറ്റിൽനിന്ന് ഉൽപ്പാദനം ആരംഭിക്കാനെങ്കിലും കഴിഞ്ഞു. അത് മതിയെന്നു ഞാൻ പറയുന്നില്ല. ഗവൺമെൻറ് ആവുന്നത്ര വ്യവസായ സംരംഭകരെ ഈ സോണിലേക്ക് ആകർഷിക്കാനുള്ള നടപടികളും എടുക്കുന്നുണ്ട്. പ്രധാനമായും കേന്ദ്രഗവൺമെൻറാണ് ചെയ്യുന്നത്. സംസ്ഥാന ഗവൺമെൻറും അതിനാവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്.

ശ്രീ. കെ. പി. എ. മജീദ്: ഈ യൂണിറ്റിൽ മതിയായ കാരണവും നോട്ടീസും ഉണ്ടായാലേ സമരം നടത്താൻ പറ്റൂ എന്നാണ് മന്ത്രി പറഞ്ഞത്. ഈ കേന്ദ്രത്തിൻെറ ഉദ്ദേശ്യംതന്നെ പരിപൂർണ്ണമായും വിജയപ്രദമാകണമെങ്കിൽ ഇത്തരം കേന്ദ്രങ്ങളിൽ പണിമുടക്കുകളും, സമരങ്ങളും പൂർണ്ണമായി നിരോധിക്കാൻ ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനെ സംബന്ധിച്ച് വ്യവസായമന്ത്രി ആലോചിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇനിയുള്ള സമയത്ത് ആലോചിച്ച് വേണ്ട നടപടി എടുക്കുമോ?

ശ്രീ. ഇ. അഹമ്മദ്: ഇവിടെ അത് കഴിയുന്നത്ര ഒഴിവാക്കാനുള്ള നടപടികളാണ് എടുത്തിട്ടുള്ളത്. നിയമംമൂലം ഒന്ന് ചെയ്താൽ അത് മറ്റ് ചില നിയമങ്ങൾക്ക് ബാധകമാകും. അതുകൊണ്ട് ഈ രംഗത്ത് വരുന്ന ആളുകൾക്ക്, ഇവിടെ തൊഴിൽ കുഴപ്പമുണ്ടാകാനിടയില്ലാത്ത നിലയ്ക്ക് ഉള്ള കരാറുകളും, തീരുമാനങ്ങളും, നയപ്രഖ്യാപനങ്ങളുമാണ് നടത്തിയിട്ടുള്ളത്. പക്ഷേ അവ നിയമംമൂലം നിരോധിക്കുന്നതിനുള്ള നടപടിയെടുത്തിട്ടില്ല. അത് വേണ്ടിവരുമെന്നു തോന്നുന്നുമില്ല.

ഏലത്തോട്ടങ്ങളുടെ കുത്തകപ്പാട്ട വ്യവസ്ഥ

* 535 [572] ശ്രീ. കെ. കെ. തോമസ്:
,, ജോസ് കുറ്റിയാനി:
,, കെ. രാഘവൻ മാസ്റ്റർ:
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:
,, തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പ് ഏലത്തോട്ടങ്ങളുടെ കുത്തകപ്പാട്ട വ്യവസ്ഥ നീട്ടിക്കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly